(9) തിരുമിറ്റക്കോട് I, II വില്ലേജുകളിൽ കുറവ സമുദായക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകാത്തതുമൂലമുണ്ടായിട്ടുള്ള പ്രയാസങ്ങൾ

ശ്രീ. വി. കെ. ചന്ദ്രൻ: സർ, തിരുമിറ്റക്കോട് പഞ്ചായത്തിലെ I, II വില്ലേജുകളിൽ കഴിഞ്ഞ 70 വർഷത്തിലധികമായി താമസിച്ചുവരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾ കൈനോട്ടവും, പായ നിർമ്മാണവും, കുട നിർമ്മാണവും തൊഴിലായി സ്വീകരിച്ച് വളരെ കുറഞ്ഞ വരുമാനവുമായി ജീവിക്കുന്നവരാണ്. കുറുവ സമുദായത്തിൽപ്പെട്ട ഇവർക്ക് നാളിതുവരെ പട്ടികജാതി വിഭാഗത്തിന്റെ എല്ലാ ആനുകൂല്യങ്ങളും ലഭിച്ചിരുന്നു. ഇപ്പോൾ ഒറ്റപ്പാലം തഹസിൽദാർ ഇവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നില്ല. തദ്ദേശ ഭരണസ്ഥാപനങ്ങളിലേക്ക് നടന്ന കഴിഞ്ഞ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രാഷ്ട്രീയപരമായിട്ടുള്ള ചില വൈരാഗ്യത്തിന്റെ ഫലമായി ഒറ്റപ്പാലം തഹസിൽദാർക്ക് ഈ ജനവിഭാഗത്തിനു നൽകിയിരുന്ന എല്ലാ സർട്ടിഫിക്കറ്റുകളും നിർത്തൽ ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചില ആളുകൾ ഒരു മാസ്സ് പെറ്റീഷൻ കൊടുക്കുകയുണ്ടായി. ഈ മാസ്സ് പെറ്റീഷന്റെ അടിസ്ഥാനത്തിലാണ് പിന്നീട് ജാതി സർട്ടിഫിക്കറ്റുകൾ നൽകാതിരുന്നത്. ഞാൻ പലപ്പോഴായി ഒറ്റപ്പാലം തഹസിൽദാറുമായും അവിടത്തെ വില്ലേജ് ഓഫീസറുമായും ബന്ധപ്പെട്ടിരുന്നു. ഇവരിൽ ശൃംഗാരി എന്നു പേരായ കുറുവ സമുദായത്തിൽപ്പെട്ട ഒരാളുടെ മകൾ എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്നുണ്ട്. ആ കുട്ടിക്ക് ജാതി സർട്ടിഫിക്കറ്റ് ആവശ്യമായി വന്നിരിക്കുകയാണ്. ജാതി സർട്ടിഫിക്കറ്റിനു വേണ്ടി ചെന്നപ്പോൾ നിങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് തരാൻ പറ്റില്ല എന്നാണ് ഒറ്റപ്പാലം തഹസിൽദാർ പറയുന്നത്. ശൃംഗാരിയുടെ ഒരു മകന് 2005 സെപ്റ്റംബർ മാസത്തിൽ ഇതേ ഒറ്റപ്പാലം തഹസിൽദാർ ജാതി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇപ്പോൾ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിനുവേണ്ടി തിരുമിറ്റക്കോട് വില്ലേജ് ഓഫീസർ റെക്കമെന്റ് ചെയ്തു പോയതാണ്. പക്ഷേ തഹസിൽദാർ സർട്ടിഫിക്കറ്റ് കൊടുക്കാൻ തയ്യാറാകുന്നില്ല. ഇപ്പോൾ തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ഇവരിൽ പല ആളുകൾക്കും വീട് അനുവദിക്കപ്പെട്ടിട്ടുണ്ട്. ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിഞ്ഞാൽ മാത്രമേ വീട് കിട്ടുകയുള്ളൂ. അതുപോലെ തന്നെ പല കുട്ടികൾക്കും വിദ്യാഭ്യാസ ആനുകൂല്യവും ഇതിന്റെ ഭാഗമായി നിഷേധിക്കുകയാണ്. ഒറ്റപ്പാലം തഹസിൽദാർ പറയുന്നത് ഇനി കിർത്താഡ്സുമായി ബന്ധപ്പെട്ട് അവരുടെ റിപ്പോർട്ട് വന്ന് അന്വേഷണം നടന്നുകഴിഞ്ഞതിനു ശേഷം മാത്രമേ സർട്ടിഫിക്കറ്റുകൾ കൊടുക്കാൻ കഴിയൂ എന്നാണ്. ഇതുപോലെ എത്രയോ കേസുകൾ വർഷങ്ങൾക്കുമുമ്പ് കിർത്താഡ്സിന്റെ മുമ്പിലേക്ക് പോയിട്ടുണ്ട്. നാളിതുവരെ ആ ഫയലുകൾ വെളിച്ചം കണ്ട ചരിത്രം ഉണ്ടായിട്ടില്ല. ഇതും കിർത്താഡ്സിന്റെ മുമ്പിൽ കൊണ്ടുപോയി ഇതിലെ ആളുകൾക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയിലേക്കാണ് വരുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഒരുപാട് കാര്യങ്ങൾ പറയപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ജനവിഭാഗങ്ങൾക്കു വേണ്ടി ചെയ്തിട്ടുണ്ട് എന്ന് ഞാൻ മനസ്സിലാക്കുകയാണ്. അതു കൊണ്ട് ജനപ്രതിനിധികൾ പറയുന്ന കാര്യങ്ങൾ അംഗീകരിച്ചുകൊണ്ട് ഇവരെ സഹായിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ തിരുമിറ്റക്കോട്-I വില്ലേജിൽ തിരുമിറ്റക്കോട് എന്ന സ്ഥലത്ത് ആറോളം ചെട്ടി സമുദായത്തിൽപ്പെട്ട കുടുംബങ്ങൾ ഉണ്ടെന്നും ഇവർ കുറവ സമുദായത്തിൽപ്പെട്ടവരാണെന്നുള്ള വ്യാജ ജാതി സർട്ടിഫിക്കറ്റ് കരസ്ഥമാക്കി ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നതായും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ മുഖേന അന്വേഷണം നടത്തുകയും അന്വേഷണ പ്രകാരം ഇവരുടെ ജനന സ്ഥലം ഏതാണെന്ന് കൃത്യമായി അറിയാൻ കഴിഞ്ഞിട്ടില്ലെന്നും പ്രാദേശിക അന്വേഷണത്തിൽ ഇവർ ചെട്ടി സമുദായക്കാരാണെന്നും കുടകു ചെട്ടികൾ, വളച്ചെട്ടികൾ എന്നിങ്ങനെ ഇവരെ വിളിച്ചുവരുന്നതായും അറിയാൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായി ഈ വിഭാഗത്തിൽപ്പെടുന്ന ചില വ്യക്തികളുടെ ആധാരങ്ങൾ പരിശോധിച്ചതിൽ ഇവരെ ചെട്ടി സമുദായക്കാരെന്ന് രേഖപ്പെടുത്തിയതായും കാണുന്നു. തമിഴ്നാട് താലൂക്കിൽ ജനിച്ചുവളർന്നവരല്ലാത്തിനാൽ ഇവരുടെ ജാതി നിർണ്ണയിക്കാൻ സാധിച്ചില്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി ഇവരുടെ യഥാർത്ഥ ജാതി നിർണ്ണയിക്കുന്നതിനുവേണ്ടി കോഴിക്കോട് കിർത്താഡ്സ് ഡയറക്ടറുമായി ആലോചനകൾ നടന്നുവരുന്നതായി അറിയിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇവരുടെ ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു കിർത്താഡ്സിന് അയച്ചിട്ട് കാര്യമൊന്നുമില്ലെന്ന്. Sir, I am hepless ഇക്കാര്യങ്ങളെ സംബന്ധിച്ച് അവസാനത്തെ ഒപ്പീനിയൻ പറയേണ്ടത് കിർത്താഡ്സ് ആണ്. കിർത്താഡ്സിന്റെ ഒപ്പീനിയൻ വരട്ടെ, വന്നു കഴിഞ്ഞിട്ട് പിന്നെ ഗവൺമെന്റിൽ എന്തെങ്കിലും അധികാരം നിക്ഷിപ്തമായിട്ടുണ്ടെങ്കിൽ രണ്ടാമത്തെ ഘട്ടത്തിൽ അത് പരിശോധിക്കാം ഇതാണ് എനിക്ക് കിട്ടിയ റിപ്പോർട്ട്.

(10) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രോമാകെയർ സെന്റർ പ്രവർത്തനം ആരംഭിക്കാൻ നടപടി

ശ്രീ. കെ. മോഹൻകുമാർ: സർ, നമ്മുടെ ആശുപത്രികളിലെ ഏറ്റവും അലോസരപ്പെടുത്തുന്ന കാഴ്ചകളിൽ ദുഃഖകരമായിട്ടുള്ളത് പലതരം പരിക്കുപറ്റി വരുന്ന ആളുകൾക്ക് കിടക്കുന്നതിനും അവരെ അഡ്മിറ്റ് ചെയ്യുന്നതിനുമുള്ള ബെഡ്ഡുകളുടെ അഭാവമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇങ്ങനെ പരിക്കുപറ്റി കിടക്കുന്നവരെ മാത്രമായി അഡ്മിറ്റ് ചെയ്യുന്നതിനുവേണ്ടി പൂർത്തിയാക്കിയ ട്രോമാകെയർ മന്ദിരം കഴിഞ്ഞ ആറുമാസമായിട്ടും ഒഴിഞ്ഞുകിടക്കുകയാണ്. അതേസമയം ബെഡ്ഡിൽ അഡ്മിറ്റ് ചെയ്യാൻ കഴിയാത്തതുകൊണ്ട് കയ്യും കാലും ഒടിഞ്ഞ രോഗികളെ

LIBRARY ARCHIVES Kerala Legislative Assembly